ഉത്തരം

(എ) 500 വാട്ട്സ് കണക്ടഡ് ലോഡും പ്രതിമാസം 20 യൂണിറ്റ് വൈദ്യുതി ഉപഭോഗവുമുള്ള ഗാർഹിക ഉപഭോക്താക്കളെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. 2002-2003-ലെ കണക്കനുസരിച്ച് ഏതാണ്ട് 44540 ഉപഭോക്താക്കൾ ഈ വിഭാഗത്തിൽപ്പെടുന്നവരാണ്. അവർ ഏതാണ്ട് 7.83 മില്യൻ യൂണിറ്റ് വൈദ്യുതി സൗജന്യമായി ഉപയോഗിച്ചിട്ടുണ്ട്.

(ബി) ഇല്ല. എന്നാൽ ഉല്പാദനചെലവിനേക്കാൾ വളരെ കുറഞ്ഞ നിരക്കിലാണ് ചില ഗാർഹികേതര ആവശ്യങ്ങൾക്ക് വൈദ്യുതി വിതരണം ചെയ്തു വരുന്നത്.

(സി) പ്രസക്തമല്ല.

ഒ. ടി. പി. ആയി വൈദ്യുതി കണക്ഷൻ

15 [5972] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, സി. കളത്തിൽ അബ്ദുള്ള:
,, യു. സി. രാമൻ:
,, വി. കെ. ഇബ്രാഹിംകുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒ. ടി. പി. ആയി വൈദ്യുതി കണക്ഷൻ ലഭിക്കാൻ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ;

(ബി) ഗാർഹിക, ഗാർഹികേതര മേഖലകളിൽ ഏതെല്ലാം വിഭാഗത്തിലെ അപേക്ഷകർക്കാണ് ഒ. ടി. പി. പ്രകാരം കണക്ഷൻ നൽകുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) 1. കാർഷിക കണക്ഷനുകൾ

പട്ടികജാതി -പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുവേണ്ടിയുള്ള കാർഷിക കണക്ഷനുകൾക്ക് വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം നൽകിയത്, മറ്റു കാർഷിക കണക്ഷനെ അപേക്ഷിച്ച് പ്രത്യേക മുൻഗണന നൽകും.

2. ഗാർഹികം : മുൻഗണനാക്രമം

(1) വൈദ്യുതി ബോർഡ് ജീവനക്കാരും ബോർഡിൽ നിന്ന് പെൻഷൻ പറ്റിയവരും പാർട്ട്ടൈം കണ്ടിജന്റ് സ്വീപ്പർ തസ്തികകളിൽപ്പെട്ടവർ

(2) കര, നാവിക, വ്യോമസേന, സി. ആർ. പി. എഫ്., ബി. എസ്. എഫ്., ജി. ആർ. ഇ. എഫ്, ഐ. ടി. വി., എസ്. പി. ജി. , ആസാം റൈഫിൾസ് എന്നിവയിൽ സേവനമനുഷ്ടിക്കുന്ന ജവാൻമാർ.

LIBRARY ARCHIVES Kerala Legislative Assembly

(3) തഹസിൽദാരുടെ പദവിയിൽ കുറയാത്ത അധികാരികളുടെ സർട്ടിഫിക്കറ്റ് സഹിതം അപേക്ഷിച്ചാൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കു പ്രത്യേക മുൻഗണനയിൽ കണക്ഷൻ നൽകുന്നതാണ്.

(4) പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിൽ താമസിക്കുന്ന മറ്റു സമുദായാംഗങ്ങൾ (ഇങ്ങനെ കൊടുക്കുന്ന കണക്ഷനുകളുടെ എണ്ണം കോളനിയിലെ മൊത്തം പട്ടികജാതി/പട്ടികവർഗ്ഗ ഉപഭോക്താക്കളുടെ എണ്ണത്തിൽ മൂന്നിലൊന്നായി പരിമിതപ്പെടുത്തിയിട്ടുണ്ട്.)

(5) ജില്ലാ കളക്ടർ നൽകുന്ന പെൻഷൻ പേയ്മെന്റ് സർട്ടിഫിക്കറ്റ് സഹിതമോ സ്വാതന്ത്ര്യസമര സേനാനിയായി സാക്ഷ്യപ്പെടുത്തി സർക്കാർ നൽകിയിട്ടുള്ള രേഖയോ സഹിതം അപേക്ഷിക്കുന്ന സ്വാതന്ത്ര്യ സമര സേനാനികൾ, അവരുടെ വിധവകൾ.

(6) യുദ്ധത്തിൽ പങ്കെടുത്ത് അവശത അനുഭവിക്കുന്ന ജവാൻമാർ, കര/നാവിക/വ്യോമസേന ആശുപത്രിയിൽ നിന്നും കൊടുത്തിട്ടുള്ള ഡിസ്ചാർജ്ജ് സർട്ടിഫിക്കറ്റ് സഹിതം അപേക്ഷിച്ചാൽ, മുൻഗണനാടിസ്ഥാനത്തിൽ കണക്ഷൻ നൽകുന്നതാണ്.

(7) മെഡിക്കൽ കോളേജിലേയോ ആരോഗ്യ വകുപ്പിലേയോ അസോസിയേറ്റ് പ്രൊഫസർ അല്ലെങ്കിൽ സിവിൽ സർജൻ ഗ്രേഡ് I-ൽ കുറയാത്ത മെഡിക്കൽ ഓഫീസർ കൊടുത്തിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം അപേക്ഷിച്ചാൽ അപകടം, പ്രകൃതിക്ഷോഭം എന്നിവമൂലം അവശരായവർക്ക് മുൻഗണനാടിസ്ഥാനത്തിൽ കണക്ഷൻ നൽകുന്നതാണ്.

(8) മുൻ (7)-ൽ പറഞ്ഞ നിലയിലുള്ള മെഡിക്കൽ ആഫീസറുടെ സർട്ടിഫിക്കറ്റ് സഹിതം 40 ശതമാനത്തിൽ കുറയാതെ ബലഹീനത അനുഭവിക്കുന്ന വികലാംഗരും , മാനസിക വളർച്ച മുരടിച്ചവരും അപേക്ഷിച്ചാൽ മുൻഗണനാടിസ്ഥാനത്തിൽ കണക്ഷൻ നൽകുന്നതാണ്.

(9) കലാകായിക രംഗങ്ങൾ, സാഹിത്യം, ശാസ്ത്രം, സാമൂഹിക സേവനം, ആതുര സേവനം എന്നീ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചവർ.

(10) ഡെപ്യൂട്ടി കളക്ടർ (ലാൻഡ് അക്വിസിഷൻ) -ഉടെ സർട്ടിഫിക്കറ്റ് സഹിതം അപേക്ഷിക്കുന്ന കെ. എസ്. ഇ. ബി. പദ്ധതി പ്രദേശങ്ങളിൽ നിന്നും കുടിയൊഴിപ്പിക്കപ്പെട്ടവർ.

(11) അധികാരികളുടെ സർട്ടിഫിക്കറ്റോ കത്തോ സഹിതം അപേക്ഷിക്കുന്ന യുദ്ധ മുന്നണിയിൽ വീരചരമമടഞ്ഞ ജവാൻമാരുടെ വിധവകൾ.

(12) എം. എൽ. എ.-മാരും, എം. പി.-മാരും

(13) ലക്ഷം വീട് കോളനികൾ

(14) ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ജനവിഭാഗങ്ങൾക്കു വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ, എൻ. ഇ. എസ്. ബ്ലോക്കുകളോ, വയറിംഗ് നടത്തികൊടുക്കുന്ന വീട്ടുകാർ (വെയർ പ്രൂഫ് കണക്ഷനുകൾ മാത്രം)

LIBRARY ARCHIVES Kerala Legislative Assembly

(15) പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമവകുപ്പ് വയറിംഗ് നടത്തിക്കൊടുക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വീടുകൾ.

(16) പ്ലാന്റേഷൻ ലേബർ ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള തോട്ടങ്ങളിലെ തൊഴിലാളികളുടെ വീടുകൾ

(17) സർവ്വീസിൽ നിന്നും വിരമിച്ച ജവാൻമാർ (വെയർ പ്രൂഫ് കണക്ഷനുകൾ മാത്രം)

(18) ക്യാൻസർ രോഗികൾ ബോർഡ് നിശ്ചയിച്ചിട്ടുള്ള അധികാരികളുടെ സർട്ടിഫിക്കറ്റ് സഹിതം അപേക്ഷിച്ചാൽ മറ്റു കണക്ഷനുകളേക്കാൾ കൂടിയ മുൻഗണന നൽകുന്നതാണ്.

(19) കാർഗിൽ യുദ്ധത്തിൽ മരിച്ച ജവാൻമാരുടെ വിധവകൾക്ക്.

3. ഗാർഹികേതരം

(1) ആരാധനാലയങ്ങൾക്ക് (അമ്പലങ്ങൾ, മുസ്ലിം പള്ളികൾ, ക്രിസ്ത്യൻ പള്ളി) വൈദ്യുതി കണക്ഷനിൽ മുൻഗണന നൽകുന്നതാണ്. (വെയർ പ്രൂഫ് കണക്ഷനുകൾ മാത്രം)

(2) സംസ്ഥാന സാമൂഹിക ക്ഷേമ വകുപ്പിന്റെ കീഴിലുള്ള അനാഥാലയങ്ങളും, ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ചാരിറ്റബിൾ ഹോമുകൾ . (വെയർ പ്രൂഫ് കണക്ഷനുകൾ മാത്രം).

(3) ഇൻഡ്യ പോപ്പുലേഷൻ പദ്ധതിയനുസരിച്ച് നിർമ്മിക്കുന്ന ആശുപത്രികളും ഡിസ്പെൻസറികളും.

(4) ജില്ലാ കളക്ടർ സാക്ഷ്യപ്പെടുത്തുന്ന സാക്ഷരതാ കേന്ദ്രങ്ങൾ (വെയർ പ്രൂഫ് കണക്ഷനുകൾ മാത്രം).

(5) പൊതു സംഭാവന കൊണ്ട് പണിത് സർക്കാരിന് സമർപ്പിക്കുന്ന കെട്ടിടങ്ങൾ (വെയർ പ്രൂഫ് കണക്ഷനുകൾ മാത്രം)

(6) വികലാംഗർ നടത്തുന്ന ടെലിഫോൺ ബൂത്തുകൾ (വെയർ പ്രൂഫ് കണക്ഷനുകൾ മാത്രം)

(7) അംഗൻവാടികൾ (വെയർ പ്രൂഫ് കണക്ഷനുകൾ മാത്രം)

(8) വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം നൽകിയിട്ടുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കു വേണ്ടിയുള്ള വാട്ടർ സപ്ലൈ പമ്പിനുള്ള കണക്ഷനുകൾ.

(9) സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾക്കുള്ള വെയർ പ്രൂഫ് കണക്ഷനുകൾ മാത്രം

LIBRARY ARCHIVES Kerala Legislative Assembly